# ബി.ജെ.പിയുടെ പുതിയ സ്വപ്നങ്ങൾ

**നിതിൻ** ഖഡ്കരി പുതിയ അധ്യക്ഷനായ ബി.ജെ.പിയെ സംബന്ധിച്ചേടത്തോളം പല തുകൊണ്ടും നിർണായകമായിരുന്നു ഇൻഡോറിലെ നാഷനൽ എക്സിക്യൂട്ടിവ് യോഗം. ആർ.എസ്.എസ്സിന്റെ സിദ്ധാന്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നു എന്നതൊഴിച്ചാൽ പ്രത്യേകിച്ച് ഒരു സവിശേഷതയും അവകാശപ്പെടാനില്ലാത്ത നേതാവാണ് ഖഡ്കരി. നല്ല പ്രസംഗകൻ പോലുമല്ലാത്ത നേതാവ്. ജാഡകൾക്കാകട്ടെ ഒരു പഞ്ഞവുമില്ല താനും. മണിക്കൂറിന് ഒന്നുവെച്ച് കുപ്പായം മാറ്റുന്ന ഏർപ്പാടു പോലും ഇങ്ങോർക്കുണ്ട്! നേതാക്കൾ നിലയുറപ്പിച്ചു നിൽക്കാൻ പെടാപ്പാടു പെടുന്ന ഒരു പാർട്ടിയിൽ 'ചുവരെഴുതിയും പോസ്റ്ററൊട്ടിച്ചും നടന്ന സാധാരണ പ്രവർത്തകരിലൊരുവനെന്ന' കൃത്രിമ വിനയവുമായി തുടങ്ങുന്ന ഖഡ്കരി ലക്ഷ്യമിടുന്നത് തകർന്നു തരിപ്പണമായ പാർട്ടിയെ പഴയ പ്രൗഢിയിലേക്ക് തിരികെ എത്തിക്കുകയാണ്. പ്രധാനമന്ത്രിക്കസേര മുതൽ ഗവർണറുദ്യോഗം വരെയുള്ള പലവിധ പദവികളെ കുറിച്ച നഷ്ടസ്വപ്നങ്ങളുമായി നടക്കുന്ന മുതിർന്ന നേതാക്കളെ ഒന്നുകിൽ ഇദ്ദേഹം മറികടക്കണം. അല്ലെങ്കിൽ വെട്ടിനിരത്തണം. രണ്ടുമല്ലെങ്കിൽ ബി.ജെ.പിയെ രാജ്നാഥ്സിംഗ് ഇപ്പോഴെത്തിച്ച പരുവത്തിൽനിന്ന് കുറേക്കൂടി മോശപ്പെട്ട അവസ്ഥയിലെത്തിച്ച് ഖഡ്കരിക്കും ഇറങ്ങിപ്പോകാമെന്നല്ലാതെ ഒന്നും സംഭവിക്കാൻ പോകുന്നില്ല.

പാർട്ടിയുടെ വർഗീയ പ്രതിഛായ മാറ്റുക, അണികൾക്കും നേതാക്കൾക്കുമിടയിലെ കുതികാൽവെട്ടുകൾ അവസാനിപ്പിക്കുക, പ്രതിപക്ഷ കക്ഷി എന്ന നിലയിൽ തങ്ങളുടെ നഷ്ടപ്പെട്ട അംഗീകാരം വീണ്ടെടുക്കുക എന്നീ മൂന്നു മേഖലകളിലാണ് പുതിയ പ്രസിഡന്റ് അടിയന്തരശ്രദ്ധ പതിപ്പിക്കുക എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഊന്നലുകളിൽനിന്ന് വായിച്ചെടുക്കാനാവുക. മുസ്‌ലിംകളുടെയും ന്യൂനപക്ഷങ്ങളുടെയും വിശ്വാസം ആർജിക്കാത്തേടത്തോളം ഇന്നത്തെ ജാതിരാഷ്ട്രീയ കോലാഹലങ്ങൾക്കുള്ളിൽ പൂർണമായും ഹിന്ദുക്കളുടെ പാർട്ടി എന്ന ആശയം നടക്കാൻ പോകുന്നില്ലെന്ന് ബി.ജെ.പിക്ക് തിരിഞ്ഞ മട്ടുണ്ട്. ബാബരി മസ്ജിദിനു പകരം മുസ്‌ലിംകൾക്ക് അയോധ്യയിൽ പള്ളിയുണ്ടാക്കിത്തരാമെന്ന വാഗ്ദാനം അതിന്റെ ഭാഗമാണ്. മുസ്‌ലിം സംഘടനകളിൽ ഒന്നു പോലും ഏറ്റുപിടിച്ചില്ല എന്നു മാത്രമല്ല കടുത്ത മുസ്‌ലിംവിരോധം പ്രചരിപ്പിക്കാനായി തൊഗാഡിയ നേരിട്ടാണ് ഇത്തവണ രംഗത്തിറങ്ങിയത്. 'മുസ്‌ലിംകളെ സാമ്പത്തികമായി ബഹിഷ്കരിക്കണമെന്ന്' ബോധപൂർവം പ്രസ്താവനയിറക്കി മാധ്യമങ്ങൾക്കു നൽകുകയും എന്നിട്ട് വിഷം സമൂഹത്തിൽ കലങ്ങിയതിനു ശേഷം താൻ ഉദ്ദേശിച്ചത് 'ബംഗ്ലാദേശി മുസ്‌ലിംകളെ'യാണെന്ന് തിരുത്ത് കൊടുക്കുകയുമാണ് അങ്ങോർ ചെയ്തത്. പള്ളിയുടെ കാര്യം അവിടെ നിൽക്കട്ടെ. പൊതുസമൂഹത്തിൽ മുസ്‌ലിംകളെ ജീവിക്കാൻ വിടുന്ന വിഷയത്തിലാണ് വി.എച്ച്.പിയുടെ ഈ നിലപാടെന്നോർക്കുക. ബി.ജെ.പിയുടെ 'സുമനസ്സി'ന് അവരുടെ സഹജീവികളുടെ പ്രതികരണം തന്നെ ഇതായ സ്ഥിതിക്ക് 'ന്യൂനപക്ഷ സ്നേഹം' അവരുടെ അടുപ്പിൽ തന്നെ വേവിക്കുന്നതാവും നല്ലത്.

അണികൾക്കും നേതാക്കൾക്കുമിടയിലെ ചക്കളത്തിപ്പോരുകൾ അവസാനിപ്പിക്കു

ക എന്നതാണ് ഖഡ്കരിയുടെ മുമ്പാകെയുള്ള മറ്റൊരു പ്രശ്നം. സ്വന്തം കാലിൽ നടക്കാനാവില്ലെങ്കിലും അധികാര കസേരയുടെ കാര്യത്തിൽ ഒരു വിട്ടുവിഴ്ചക്കും തയാറല്ലാത്ത വാജ്പേയിയെ എൻ.ഡി.എയുടെ അജീവനാന്ത ചെയർമാനായി നിലനിർത്തുക; അദ്വാനിയെ ആക്ടിംഗ് ചെയർമാനാക്കുക; സുഷമക്ക് ലോക്സഭയും ജയ്റ്റ്ലിക്ക് രാജ്യസഭയും നൽകുക. പ്രധാന പ്രശ്നങ്ങൾ അവസാനിച്ചു. വെങ്കയ്യ നായിഡു, രാജ്നാഥ് സിംഗ്, മുരളീ മനോഹർ ജോഷി എന്നീ മുൻകാല അധ്യക്ഷന്മാരെ എന്തു ചെയ്യും? പ്രത്യേകിച്ചും രാജ്നാഥിനെ. അരുൺ ശൂരി, രവിശങ്കർ പ്രസാദ്, രാജീവ് പ്രതാപ് റൂഡി തുടങ്ങിയ 'ഉയർന്നു വരുന്ന' നേതാക്കളെ എവിടെ വിന്യസിപ്പിക്കും? വസുന്ധര രാജ് സിന്ധ്യ ഇൻഡോറിലേക്കു പോകാതിരുന്നപ്പോൾ തന്നെ കാര്യങ്ങളുടെ സൂചന വ്യക്തമായിരുന്നു. അവർ പാർട്ടി നൽകിയ പദവി രാജിവെച്ചൊഴിഞ്ഞു. തെരഞ്ഞെടുപ്പ് കാലമടുത്താൽ ഇന്ന് മറ്റു പാർട്ടികളിലേക്ക് ഏറ്റുമധികം ചേക്കേറാനെത്തുന്നവർ ബി.ജെ.പിക്കാരാണ്. പ്രവർത്തനപരിചയം നോക്കിയല്ലാതെ ഇനിയാരും 'മണിയടിച്ച്' സീറ്റ് നേടാമെന്ന് വ്യാമോഹിക്കരുതെന്ന് പ്രസിഡന്റ് ഉത്തരവിറക്കുമ്പോൾ ചോദ്യം അദ്ദേഹത്തോടു തന്നെയാവട്ടെ. ഇന്നത്തെ ബി.ജെ.പി നേതാക്കളിൽ നരേന്ദ്രമോഡി ഒഴികെ എത്രപേർക്ക് സ്വന്തം മണ്ഡലങ്ങളുണ്ട്?

പ്രതിപക്ഷ കക്ഷിയാവുക എന്ന സ്വപ്നമാണ് ഇനി ബാക്കിയുള്ളത്. ഒരുപക്ഷേ നേടിയെടുക്കാൻ കഴിയുന്ന സാധ്യതയും ഇതുതന്നെ. പക്ഷേ നയങ്ങൾക്ക് വലതുപക്ഷവും ഇടതുപക്ഷവും ഇല്ലാതായ കാലത്ത് ബി.ജെ.പി ഇതെങ്ങനെ സാധിച്ചെടുക്കുമെന്ന് കണ്ടുതന്നെ അറിയണം. സ്വദേശിവാദത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു നടന്ന ബി.ജെ.പിയാണ് അടിസ്ഥാനങ്ങൾ പോലും അമേരിക്കക്ക് പണയം വെക്കുന്ന ഏർപ്പാട് ആദ്യം തുടങ്ങിയത്. ബി.ജെ.പി അംഗീകരിച്ചാലുമില്ലെങ്കിലും അവരുടെ തകർച്ചയുടെ ആരംഭം ഇസ്രയേലുമായും അമേരിക്കയുമായും ആരംഭിച്ച ബന്ധങ്ങളാണെന്നതിൽ ഒരു സംശയത്തിനും അവകാശമില്ല. അമേരിക്ക–ഇസ്രയേൽ ബന്ധങ്ങൾ കോൺഗ്രസ്സിനുമുണ്ട്. പക്ഷേ മുസ്ലിംകളെ എങ്ങനെയെങ്കിലും നശിപ്പിക്കുക എന്ന ഒറ്റ അജണ്ടയിലൂന്നിയല്ല യു.പി.എ ഈ ബന്ധങ്ങൾ മുന്നോട്ടുകൊണ്ടുപോയത്. രാജ്യതാൽപര്യമെന്ന ഓമനപ്പേരിട്ട് അത്യാവശ്യം കച്ചവടവും കൃഷിയുമൊക്കെ അതും ഒരു ഭാഗത്ത് നടക്കുന്നുണ്ട്. ബി.ജെ.പിയുടെ കാലത്ത് മുസ്ലിംവിരുദ്ധത മാത്രമായിരുന്നു അജണ്ട. മൊസാദിന്റെ ബുദ്ധിയിൽ വിരിയുന്ന ഭീകരാക്രമണവും അനുബന്ധ മുസ്ലിംവേട്ടയാടലും മാത്രമേ നടക്കുന്നുണ്ടായിരുന്നുള്ളൂ. അപ്പോൾ പോലും കോൺഗ്രസ് പ്രതിപക്ഷത്തിരുന്ന് കളിച്ച കളിയിൽ ബി.ജെ.പിക്ക് ചില പാഠങ്ങളുണ്ട്. സി.പി.എമ്മിനെ കൂട്ടുപിടിച്ചാണെങ്കിൽ പോലും അമേരിക്കൻ വിരുദ്ധതയുടെ ജനപക്ഷം കോൺഗ്രസ് തിരിച്ചറിച്ച് അതിനനുസരിച്ച് ഇറങ്ങിയും കയറിയും കളിക്കാൻ അവർ സാമർഥ്യം കാണിച്ചിരുന്നു.

അമേരിക്കൻ അനുകൂല നയങ്ങളുടെ തുടർച്ചയായ വിലക്കയറ്റത്തെ കുറിച്ച് ബി.ജെ.പിക്ക് ഏറിയാൽ ഏതറ്റംവരെ പോകാനാവും? മുസ്ലിംകളോട് 'ചക്കരമുട്ടായി' കാണിക്കുന്നുണ്ടെങ്കിലും ലിബർഹാൻ കമീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഈ പാർട്ടിയെയും നേതാക്കളെയും വിശ്വസിക്കാൻ ആരെയും കിട്ടണമെന്നില്ല. എന്നല്ല മുസ്ലിംകളുടെ തലയിൽ കുറ്റം കെട്ടിവെച്ച് നടത്തുന്ന പഴയ നേർച്ചക്കുരുതി ഒരു വർഷത്തെ ഇടവേളക്കു ശേഷം പൂനെയിൽ ആവർത്തിക്കുകയും ചെയ്തു. ഖഡ്കരിയുടെ ഇൻഡോറിലെ പ്രസംഗത്തിലെ മുഖ്യ പരാമർശങ്ങളിലൊന്ന് 'ഭീകരതയെ ലാളിക്കാനായി അവയുടെ തട്ടകങ്ങളിലേക്ക് തീർഥയാത്ര' നടത്തുന്ന കോൺഗ്രസ്സിനെ കുറിച്ചായിരുന്നല്ലോ. ഭീകരതക്ക് തട്ടകവും വാടകക്കാരുമുണ്ടെന്ന പഴയ നിലപാടുകളിൽ തിരുത്തലുണ്ടാവുന്നില്ലെങ്കിൽ അയോധ്യയിലല്ല രാജ്യം മുഴുക്കെ ബി.ജെ.പി മസ്ജിദ് കെട്ടിത്തന്നിട്ടും കാര്യമുണ്ടാവുമോ? ■